# Prime Minister Shri NarendraModi and President of the Republic of Seychelles H.E. WavelRamkalawan jointly inaugurate a range of Development Assistance Projects at India-Seychelles High Level Virtual Event (April 8, 2021)

April 08, 2021

# ഇന്ത്യ -സീഷെൽസ് ഉന്നത തല വിർച്വൽ ഇവന്റിൽ ഡെവലപ്മെന്റ് അസിസ്റ്റൻസ് പ്രോജക്ടുകൾ പ്രധാനമന്ത്രി നരേന്ദ്രമോദിയും സീഷെൽസ് റിപ്പബ്ലിക് പ്രസിഡണ്ട് വേവൽ രംകാലവാൻ എന്നിവർ ചേർന്ന് സംയുക്തമായി ഉദ്ഘാടനം നിർവഹിച്ചു. (ഏപ്രിൽ 8, 2021)

**ഏപ്രിൽ 08, 2021**

ഇന്ന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി രാംകലാവാനോടൊപ്പമുള്ള വിർച്വൽ ഇവന്റിൽ പങ്കെടുത്തു. സീഷെൽസിൽ ഇന്ത്യ ധനസഹായം നൽകുന്ന ഡെവലപ്മെന്റൽ അസിസ്റ്റൻസ് പ്രോജക്ടുകൾ ഉദ്ഘാടനം ചെയ്യുന്നതിനും സീഷെൽസ് തീരാ സംരക്ഷണത്തിനായി ഉപയോഗിക്കുന്നതിനുള്ള ഫാസ്റ്റ് പെട്രോൾ കപ്പൽ കൈമാറുന്നതിനുമാണ് വിർച്വൽ ഇവന്റ് സംഘടിപ്പിച്ചത്.

വെർച്വൽ പരിപാടിയിൽ പ്രധാനമന്ത്രി മോദിയും പ്രസിഡന്റ് രാംകലവാനും സംയുക്തമായി സീഷെൽസിലെ പുതിയ മജിസ്ട്രേറ്റ് കോടതി കെട്ടിടം ഉദ്ഘാടനം ചെയ്തു. സീഷെൽസിലെ ആദ്യത്തെ ഇന്ത്യൻ സഹായത്തോടെയുള്ള നിർമാണ പ്രോജക്റ്റാണ് ഈ കെട്ടിടം. ഇത് 3.5 മില്യൺ യുഎസ് ഡോളർ ഗ്രാന്റ് സഹായത്തോടെയാണ് പൂർത്തീകരിച്ചു. സീഷെൽസിന്റെ തലസ്ഥാന നഗരമായ വിക്ടോറിയയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ആധുനിക രൂപകൽപ്പനയിലും ഉയർന്ന നിലവാരത്തിലും നിർമ്മിച്ചതുമായ മജിസ്ട്രേറ്റ് കോടതി സീഷെൽസിലെ നീതിന്യായ വ്യവസ്ഥയുടെ ശേഷിയെ ഗണ്യമായി വർദ്ധിപ്പിക്കുകയും ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരണത്തിന്റെ പ്രതീകമായി മാറുകയും ചെയ്യുന്നതാണ്.

വെർച്ചൽ പരിപാടിയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയും 48.9 മീറ്റർ ഫാസ്റ്റ് പട്രോൾ കപ്പലും (എഫ് പി വി) സീഷെൽസ് പ്രസിഡന്റിന് കൈമാറി. 100 കോടി രൂപ മുടക്കി കൊൽക്കത്തയിലെ ജിആർഎസ്ഇ നിർമ്മിച്ച എഫ്പിവി, സമുദ്രനിരീക്ഷണ ശേഷി ശക്തിപ്പെടുത്തുന്നതിനുള്ള അടിയന്തിര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഇന്ത്യൻ ഗ്രാന്റ് സഹായപ്രകാരം സീഷെൽസിന് സമ്മാനമായാണ് നൽകിയത്.ആധുനിക കപ്പലിന്റെ രൂപകൽപന വിശാലമായ സമുദ്ര തീരത്ത് ഫലപ്രദമായി പട്രോളിംഗ് ചെയ്യുന്നതിലും വിശാലമായ സമുദ്രതീരങ്ങളെ  സംരക്ഷിക്കുന്നതിലും ഉള്ള ശേഷിയെ ഗണ്യമായി വർദ്ധിപ്പിക്കുകയും കടൽക്കൊള്ള, മയക്കുമരുന്ന് കടത്ത്, ആയുധക്കടത്ത്, സീഷെൽസ് തീരങ്ങളിലെ  അനധികൃത മത്സ്യബന്ധനം തുടങ്ങിയ ഭീഷണികളെ നേരിടാൻ സഹായിക്കുകയും ചെയ്യും. സമുദ്രസുരക്ഷാ രംഗത്ത് ഇന്ത്യയും സീഷെൽസും തമ്മിലുള്ള സമയപരിശോധനയും ആഴത്തിലുള്ള സഹകരണവും, സീഷെൽസിന്റെ വിശ്വസ്തവും ഇഷ്ടപ്പെട്ടതുമായ സുരക്ഷാ പങ്കാളിയെന്ന നിലയിൽ ഇന്ത്യയുടെ പങ്കിനെ തുടർന്നാണ്  കപ്പലിന്റെ വിതരണം.

ചടങ്ങിൽ വച്ച്, സീഷെൽസിലെ റൊമെയ്ൻവില്ലേ ദ്വീപിൽ ഇന്ത്യൻ ഗ്രാന്റ് സഹായത്തോടെ നിർമിച്ച തറയിൽ വയ്ക്കാവുന്ന 1 MW സോളാർ പവർ പ്ലാന്റ് പ്രധാനമന്ത്രിയും സീഷെൽസ് പ്രസിഡന്റും സംയുക്തമായി ഇ-ഉദ്ഘാടനം ചെയ്തു. സീഷെൽസിലെ പത്ത് (10) ഇന്ത്യൻ ഹൈ ഇമ്പാക്ട് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രൊജെക്ടുകളും (HICDPs) ഇരുവരും ചേർന്ന് സംയുക്തമായി ഓണലൈനായി ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ സംസാരിക്കവേ, സീഷെൽസുമായുള്ള സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ജനങ്ങളെ അടിസ്ഥാനമാക്കിയുള്ള അടിസ്ഥാന സൗകര്യ പദ്ധതികളിലെ വികസന പങ്കാളിത്തത്തിന്റെ പ്രാധാന്യം പ്രധാനമന്ത്രി മോദി ഊന്നിപ്പറഞ്ഞു. ആധുനിക രൂപകൽപ്പനയും അത്യാധുനിക സൗകര്യങ്ങളും ഉൾപ്പെടുത്തി നിർമ്മിച്ച പുതിയ മജിസ്ട്രേറ്റ് കോടതി സീഷെൽസിലെ ജനങ്ങൾക്ക് ജുഡീഷ്യൽ സേവനങ്ങൾ എത്തിക്കുന്നതിനുള്ള മികച്ച ഉറവിടമായി പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.സീഷെൽസിന്റെ സമുദ്രാതിർത്തി സംരക്ഷിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള സീഷെൽസിന്റെ സ്വന്തം കഴിവുകൾ ശക്തിപ്പെടുത്താനുള്ള ഇന്ത്യയുടെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ് ഒരു ഫാസ്റ്റ് പട്രോളിംഗ് കപ്പൽ സമ്മാനിക്കുന്നതിലൂടെ പ്രകടിക്കപ്പെടുന്നതെന്നു പ്രധാനമന്ത്രി പറഞ്ഞു.

ഇരുരാജ്യങ്ങളും തമ്മിലുള്ള ശക്തമായ അടുത്ത ബന്ധത്തിന്റെ പ്രതിഫലനമായി സീഷെൽസിന്റെ സുരക്ഷയും വികസന ആവശ്യങ്ങളും നിറവേറ്റുന്നതിൽ ഇന്ത്യ നൽകിവരുന്ന തുടർച്ചയായ പിന്തുണയ്ക്ക് പ്രസിഡന്റ് വേവൽ രാംകലവൻ നന്ദി പ്രകടിപ്പിച്ചു.

പുതിയ മജിസ്ട്രേറ്റ് കോടതി കെട്ടിടം, 1 മെഗാവാട്ട് സോളാർ പവർ പ്ലാന്റ്, എച്ച്ഐസിഡിപികൾ എന്നിവയുടെ ഇ-ഉദ്ഘാടനം, എഫ് പി വി യുടെ കൈമാറ്റം , എന്നിവ സീഷെൽസിന്റെ ദീർഘകാലവും വിശ്വസനീയവുമായ പങ്കാളിയെന്ന നിലയിൽ ഇന്ത്യയുടെ അചഞ്ചലമായ പങ്കും ഉഭയകക്ഷി ബന്ധത്തിലേക്കുള്ള പ്രതിബദ്ധതയും പ്രകടമാക്കുന്നതാണ്.

പരിപാടിയിൽ പ്രദർശിപ്പിച്ച സഹകരണ പദ്ധതികൾ എല്ലാം തന്നെ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ 'സാഗർ - പ്രവിശ്യയിലെ എല്ലാവർക്കും സുരക്ഷയും വളർച്ചയും' എന്ന ദർശനത്തിനു അനുസൃതമായുള്ളവയാണ്.

**ന്യൂ ഡൽഹി**
**08 ഏപ്രിൽ, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.